# പ്രതികരണങ്ങൾ — 6



പ്രതികരണങ്ങൾ — 6
വായനക്കാർ
(മലയാളം: പ്രതികരണങ്ങൾ)

These electronic versions are released under the provisions of Creative Commons Attribution Non-commercial No-derives Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Italian landscape, a painting by Sokrat Vorobyov (1817–1888). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# പ്രതികരണങ്ങൾ

## എം. കൃഷ്ണൻനായർ: സാഹിത്യവാരഫലം (തുടർച്ച)

**അഷ്റഫ്:** കണ്ണടയില്ലാതെ വീഴാതെ നടക്കാൻ വരമ്പു പോലും കാണാൻ കഴിയാത്ത നരൻ, തെറ്റും ശരിയും വേർതിരിക്കുന്ന നേർത്ത വരയിൽ തെന്നിവീഴുന്നതു് കാണുമ്പോൾ അല്ല നാം ചിരിക്കേണ്ടതു്, മറിച്ച് തെറ്റോ ശരിയോ എന്നു് നമ്മളിൽ തന്നെ ഒരുത്തൻ ‘വിധി’ പറയുമ്പോൾ ആകണം നാം പൊട്ടിച്ചിരിക്കേണ്ടതു് എന്ന ഇടശ്ശേരിയുടെ കവിത, സാഹിത്യവാരഫലത്തിന്റെ ഈ പശ്ചാത്തലത്തിൽ ഓർമ വരുന്നു.

**ബെന്നി:** സാഹിത്യചരിത്രം തിരുത്തിക്കുറിക്കാൻ കെല്പുള്ളതല്ല സാഹിത്യവാരഫലം. പക്ഷേ, ഭജനപ്പാട്ടുകാരേക്കാൾ ഭേദമാണു്.

**സാഹിറ റഹ്മാൻ:** “നർമ്മബോധം” is the ability to laugh at oneself too not merely indulge in malicious laughter.

## നിരഞ്ജൻ: അറ്റ്ലാന്റിക് മുതൽ അണിക്കോട് മുക്ക വരെ

**നന്ദിനി മേനോൻ:** അറ്റ്ലാന്റിക് മുതൽ അണിക്കോട്ടു മുക്ക വരെ...

വ്യാധികളുടെ ലോകത്തേക്ക് കപ്പലടുപ്പിക്കുന്നതും കാത്തിരുന്ന ദിനങ്ങൾ... നോഹയുടെ പേടകം പോലൊന്നുണ്ടാക്കി വ്യാധി പ്രളയം തുഴഞ്ഞു കയറുകയായിരുന്നു വേണ്ടിയിരുന്നത്, മുരിങ്ങടെലശ്ശേരിയും കോണിപ്പടികളിലെ കാണാ അകലങ്ങളും പായ മടക്കുന്നു...

## സക്കറിയ: യേശുവിന്റെ ചില ദിവസങ്ങൾ

**സെന്തിൽ:** സെൻ സ്പർശം കൊണ്ട് ഉയിർകൊള്ളുന്ന കഥയാണ് സക്കറിയയുടെ “യേശുവിന്റെ ചില ദിവസങ്ങൾ”. സാധാരണതയുടെ അസാധാരണത. നിസ്സാരതയിലെ സാരത. വർത്തമാന നിമിഷത്തിലെ അനുഭവങ്ങളുടെ അനുസ്യൂതവും നൈസർഗ്ഗികവുമായ ഒഴുക്ക് സുന്ദരമായി സക്കറിയ ആവിഷ്ക്കരിച്ചിരിക്കുന്നു. ഒരിടത്തു പോലും യേശുവിന്റെ മനസ്സ് കഴിഞ്ഞതിലേക്കോ വരാൻ പോകുന്നതിലേക്കോ കടക്കുന്നില്ല. നിമിഷങ്ങളോരോന്നും പൂർണമായി വിരിഞ്ഞു പുഷ്പിക്കുന്നു. വെള്ളി കീറുമ്പോൾ ഉണരുന്ന യേശു രാത്രി ഉറങ്ങാൻ പോകുന്നിടത്താണ് കഥയവസാനിക്കുന്നത്. ഉറങ്ങുന്നതിന് മുൻപ് യേശു മൂങ്ങയുടെ മൂളൽ കേൾക്കുന്നു “ഗ്ഗം ഗ്ഗം ഗ്ഗം”. ബാഷോവിന്റെ സെൻ ഹൈക്കുവിനെ ഓർമ്മിപ്പിക്കുന്നുണ്ടതു്:

> The old pond,  
> A frog jumps in:.  
> Plop!

കഥയിലുടനീളം യേശു പ്രകൃതിയുമായി യോഗത്തിലാവുന്നതു സൂചിപ്പിക്കുന്നുണ്ട്. കടലിൽ നീന്തി പിന്നെ അങ്ങിനെ വെറുതെ മലർന്നു കിടക്കുന്നതും ആകാശത്തിലെ നക്ഷത്രങ്ങളെ നോക്കുന്നതും കാക്കകളുടെ കരച്ചിൽ കേൾക്കുന്നതും അങ്ങിനെ യേശു എല്ലാം പൂർണമായി അനുഭവിക്കുകയാണ്. ഒരു പക്ഷേ എല്ലാമായി മാറുകയാണ്.

ലാസർ ഉറങ്ങുകയാണ് എന്ന് പറയുന്ന യേശു ലാസറിനെ ഉണർത്തുന്നുണ്ട്. പത്രോസ് പറഞ്ഞിട്ട് പത്രോസിനോടൊപ്പം മറിയയുടെ വീട് തേടി പോകുന്ന യേശു വഴി തെറ്റുമ്പോൾ മറിയ ഉറങ്ങട്ടെ എന്ന് പറഞ്ഞു സ്വയം ഉറങ്ങാൻ പോകുന്നിടത്തു കഥയവസാനിക്കുന്നു.

ഋജുവായ ആഖ്യാനം. ആഴങ്ങളെ പൊതിയുന്ന ലാളിത്യം.

**കെ. സച്ചിദാനന്ദൻ:** സക്കറിയയുടെ ലളിത വാക്യങ്ങളിൽ യേശു മനുഷ്യപുത്രനും കവിയുമാകുന്നത് പിന്നെയും കണ്ടു. അവനെ ഒരു കഥയും വായിക്കാതില്ല. ചില പഴയ കഥകൾ വീണ്ടും വായിക്കാൻ തോന്നുന്നു. അ എന്ന വേട്ടക്കാരനും യേശു പുരം ലൈബ്രറിയെപ്പറ്റി ഒരു പരാതിയും മറ്റും. എന്റെ പുസ്തകശേഖരം ഡെൽഹിയിലും ഞാൻ കൊടുങ്ങല്ലൂരുമായതിനാൽ കയ്യെത്തിച്ച് ‘ഒരിടത്തും’ ‘തേനും’ എടുക്കാനാവുന്നില്ല. ‘സായാഹ്ന, ഇതെല്ലാം കൊത്തിപ്പറന്നു കൊണ്ടുവരുന്നതിൽ ആഹ്ലാദം’.

**ശ്രീദേവി കർത്താ:** സക്കറിയയുടെ ഈ കഥയിൽ നിന്നു യേശു, ശിഷ്യന്മാർ, ഗാഗുൽത്താ, ചാവുകടൽ തുടങ്ങി ബിബ്ലിക്കൽ ഇമേജുകൾ മുഴുവൻ മാറ്റി പകരം ഒരു സാധാരണ തോമസോ രാഘവനോ ആണ് നായകർ എങ്കിലും ഈ കഥയുടെ സാധാരണത്വത്തിലെ അസാധാരണത്വം നിലനിൽക്കും. കാരണം ഈ കഥയുടെ അന്തസ്സത്ത അതിന്റെ ചുറ്റുപാടുകളിലെ സൂക്ഷമമായ ഗുരുത്വസാന്നിധ്യമാണ്. അതിനോട്ട് പ്രതികരിച്ചു പോകുന്ന ഒരു സെൻസിറ്റീവ് മനുഷ്യൻ മാത്രമാണ് ഇതിൽ യേശു... പ്രകൃതിയും ആ മനുഷ്യനും ചേരുന്ന ലയന മുഹൂർത്തത്തെ ആണ് മൂങ്ങ ഗുരു എന്ന് വിളിച്ചു പോകുന്നത്.

**താര കിഴക്കേവീട്:** സായാഹ്നയിലൂടെ വായിച്ചപ്പോ ഈ കഥക്ക് കൂടുതൽ ചന്തം!

**സാന്ദ്ര സി. ജോർജ്ജ്:** സക്കറിയയുടെ ‘യേശുവിന്റെ ചില ദിവസങ്ങൾ’ എന്ന ചെറുകഥയിൽ വളരെ മനോഹരമായി യേശുവെന്ന സാധാരണക്കാരനെ ആവിഷ്ക്കരിച്ചിരിക്കുന്നു. സൗഹൃദവും സ്നേഹവും വാൽസല്യവും കരുണയും പ്രകടിപ്പിക്കുന്ന മനുഷ്യൻ. കൂട്ടുകാരന്റെ മരണത്തിൽ വേദനിച്ച മനുഷ്യൻ. പുലർച്ചെ മുതൽ രാത്രി വരെ യേശു പ്രകൃതിയോട്ട് ചേർന്ന് ജീവിച്ചു. പ്രകൃതി മാത്രം മതി ഒരു മനുഷ്യന് ജീവിക്കാൻ എന്നദ്ദേഹം സമർത്ഥമായി കാട്ടിത്തന്നു.

**പ്രദീപ്:** സക്കറിയയുടെ യേശുവിന്റെ ചില ദിവസങ്ങൾ എന്ന കഥ സാധാരണ മനുഷ്യന്റെ സ്നേഹചിത്രണവും, മനുഷ്യ-പ്രകൃതി ഗാഢബന്ധവും മനോഹരമായി ആവിഷ്ക്കരിച്ചു.

**രാമൻ, പി.:** സക്കറിയയുടെ മനോഹരമായ ഈ കഥ മുമ്പ് മാതൃഭൂമിയിൽ വന്നപ്പോൾ അവസാനഭാഗം ഇങ്ങനെയായിരുന്നില്ല എന്നൊരോർമ്മ (എന്റെ തോന്നലാണോ?)

**സെബാസ്റ്റ്യൻ, കെ.:** തോന്നലിൽ തെറ്റൊന്നുമില്ലെന്നു തോന്നുന്നു. എഴുതിയതു് സക്കറിയ ആണെങ്കിലും വായിക്കുന്നതു് നമ്മളാണല്ലോ.

**ദാമോദർ പ്രസാദ്:** വെള്ളക്കാരൻ കൈവശപ്പെടുത്തിയ യേശുവിന്റെ പ്രതിനിധാനങ്ങൾക്കെതിരെയുള്ള കനത്ത പ്രതിഷേധം ബ്ലാക്ക് ലൈവസ് മാറ്റർ സാമൂഹ്യ പ്രക്ഷോഭത്തിന്റെ ഭാഗമായി ഉയർന്നുവരികയുണ്ടായി.

കാന്റർബറി ബിഷപ് തന്നെ ബി ബി സി ചാനൽ ഫോറിന് നല്കിയ അഭിമുഖത്തിൽ ഈ പ്രതിഷേധം രേഖപ്പെടുത്തി.

മധ്യേഷ്യക്കാരനും യഹൂദനുമായ യേശുവിന്റെ നിറം കറുപ്പാകാൻ വഴിയില്ല. എന്നാൽ തീർച്ചയായും അതു് വെളുപ്പല്ല. തവിട്ടു നിറത്തോടാണ് സാമ്യം.

യേശുവിന്റെ പ്രതിനിധാനങ്ങൾ വീണ്ടും ചർച്ചയാവുന്ന വേളയിലാണ് സക്കറിയയുടെ യേശുവിന്റെ ഒരു ദിവസം വായിക്കുന്നതു്.

രഹസ്യ പോലീസ് ഈ തവണ വായിച്ച സമയത്തു് ഫഹദ് ഫാസിലിന്റെ രൂപത്തിലാണ് ഗോപിനാഥൻ നായർ/ജോർജ് ജോസഫ് മനസ്സിൽ തെളിഞ്ഞതു്. എന്തെങ്കിലും മാറ്റമുണ്ടാകുമോ എന്നറിയാൻ ഒരു വട്ടം കൂടി വായിച്ചു നോക്കി. ഫഹദ് ഫാസിൽ മാറുന്നില്ല.

നെക്ക്ലസ് മുതൽ തൊണ്ടിമുതൽ വരെയുള്ള ഫഹദിന്റെ ഭിന്നഭാവങ്ങളാകാം ഗോപിനാഥൻ നായർക്ക് ആ ഛായ പകർന്നു കിട്ടാൻ കാരണം.

സക്കറിയയോട്ട് ഈക്കാര്യം സ്വകാര്യമായി ഷയർ ചെയ്തു. യേശുവിന്റെ ഒരു ദിവസം പ്രസിദ്ധീകരിക്കുമ്പോൾ പറഞ്ഞതു് യേശുവിന് ഫഹദിന്റെ ഒരു കട്ട് വേണമെന്നാണത്രെ. ലിജോ പല്ലിശേരിയുടെ ആമേനിലാണ് ഫഹദിന്റെ ഒരു ക്രിസ്തു രൂപം കണ്ടതെന്നാണെന്റെ ഓർമ.

കണ്ണാടി കാണ്മോളവും എഴുതിയപ്പോൾ ലൂയി ബുനുവേലിന്റെ നസാറിനിലെ പാതിരിയായിരുന്നു പ്രചോദനമെന്ന് സക്കറിയ പറഞ്ഞതു് ഓർക്കുന്നു.

പ്രതിനിധാനത്തിന്റെ കാര്യമായിരുന്നു.

പ്രൊട്ടസ്റ്റന്റ് എത്തിക്സ് എന്നു വിശേഷിപ്പിച്ചാലും പാശ്ചാത്ത്യ വ്യവസായിക മുതലാളിത്തതിന്റെ ദൈവം അദ്ധ്വാനിക്കുന്നവനെ മാത്രം കടാക്ഷിക്കുന്ന ദൈവമാണ്. അദ്ധ്വാനത്തെ കുറിച്ച് കാഠിന്യമേറിയ സങ്കല്പമാണതു്.

സക്കറിയയുടെ കഥയിലെ ദൈവപുത്രനായ യേശു പ്രകൃതിയോട്ട് ഇണങ്ങി നില്ക്കുന്ന സൗമ്യവാനും സ്നേഹസമ്പന്നനും എന്നാൽ വ്യവസായിക അദ്ധ്വാനശീലത്തോട്ട് ഒട്ടും മതിപ്പില്ലാത്ത യുവാവാണ്. ഉപഭോഗ ആക്രാന്തത്തിൽ നിന്നുള്ള സൗമ്യമായ പിൻവാങ്ങലുണ്ടല്ലൊ അതു് ഈ കോവിഡ് ബാധിത ലോകത്തു് അതിജീവന പ്രശ്നങ്ങളിൽ ഉഴലുന്ന നമ്മൾക്കു് പുതിയ ഉൾക്കാഴ്ചകൾ നല്കുന്നു.

**നന്ദിനി മേനോൻ:** യേശുവിന്റെ ചില ദിവസങ്ങൾ...  
വെള്ളം വായു മണ്ണ് തീ ആകാശം...  
പ്രകൃതിയെന്ന മനുഷ്യൻ...

**വത്സൻ:** ഫോണിൽ അനായാസം വായിക്കാനാവും വിധം ക്രമപ്പെടുത്തിയ പി.ഡി.എഫ്. ശൈലി നന്നായി...

**Mary Asha:** The very name ‘Jesus’ brings to mind the picture of a man clad in a long robe with a halo around the head—personification of God himself. Seldom thought of Jesus as ‘Son of Man’. The author Paul Zacharia in the short story brings out the picture of Jesus as any other normal human being performing his morning ablutions, enjoying the beauty of nature, getting into the water to get his feet nibbled by little fish—probably a crude version of today’s pedicure treatment using live fish. Story carries with it message that to enjoy the beauty of dawn is akin to enjoying the beauty of a flower. A different way of getting closer to the Supreme Being. Getting closer to nature one will feel its tranquility. This tranquility is perhaps God for a believer and Goodness for an atheist. Yesuvinte chila divasangal is a call to get closer to nature and ultimately Goodness which we call the Supreme Being. Thanks to Sayahna for a light reading on a lazy rainy Sunday.

**Senthil:** Obsession with god without being good is a form of lunacy.

## കെ. സച്ചിദാനന്ദൻ, കെ. ജി. എസ്.: പനി, ബംഗാൾ

**ഐറിസ് കോയ്‌ലിയോ:** തിണ്ണംവെച്ച് ഉറച്ചുപോയ ലോഹക്കൂട്ടിനെ ഉരുക്കിത്തിളപ്പിക്കും കനൽമൊഴികളാണ് പനിയും ബംഗാളും.

വായനയുടെ സംവേദനതലങ്ങളെ പുനർനിർവചിച്ചുകൊണ്ട് ലോകം ഒരു കിളിക്കൂടായി മാറ്റുന്ന ഭാവുകത്വം... ഓരോ വായനയും ഓരോ പുതിയ മുറിപ്പാടാകുന്നു...

എത്രയോ വട്ടം, അനുഭവങ്ങളുടെ പുതിയ പടവുകളിൽ ഇവ വായിച്ചിരിക്കുന്നു.

മകളുടെ പനിക്കിടക്കയ്ക്ക് ഇരുപുറവുമിരുന്ന് ലോകദൈന്യങ്ങൾ കണ്ടും കേട്ടും പോരാട്ടങ്ങളുടെ, വിപ്ലവങ്ങളുടെ പനിമൂർച്ഛകൾ പകർന്ന് വിറച്ച് കാതരമായി പനിച്ചുപൊള്ളുന്ന ഞാനും നിങ്ങളും... ഇന്ന് സായാഹ്ന പകരുന്നതും ഈ വായനയെന്ന പനിയാണ്...

'ബംഗാൾ' എത്ര കരുത്തോടെയാണ് മറവിലും ഒളിവിലും പനിച്ചു മരിക്കുന്ന കീഴാളത, സ്വേച്ഛാധികാരാന്ധതയെ ചുഴറ്റിയെറിയുന്നതെന്ന് വീണ്ടും വീണ്ടും കാട്ടുന്നു. ഇന്ന് ബംഗാൾ പുതിയ രാഷ്ട്രാനുഭവങ്ങൾ പകരുന്നു. ആയിരം മൈലുകൾ നടന്നു വിണ്ട പാദങ്ങൾ കരിയിലകളായി ഒത്തുകൂട്ടുന്നു... ഒരു ചുഴലിയായി ഓർക്കാപ്പുറത്ത് മറുപടി പറയാൻ...

പനി, ബംഗാൾ – വായനയും അധിപാഠങ്ങളും പിൻതുടരുന്ന തീയമ്പുകൾ!

ഒരു ഖേദം മാത്രം... പതിറ്റാണ്ടുകൾക്കുമുമ്പ് ക്ലാസ്സുമുറികളിൽ ഈ മൊഴിക്കടലുകൾ കടഞ്ഞപ്പോൾ ഇന്നിന്റെ പാഠം കൂടി പകരാനായില്ലല്ലോ...

ഇന്ന് വായിക്കുമ്പോൾ ജീവിതം ഈ പനികളിലൂടെ എത്ര തഴച്ചുവളർന്നു എന്ന് ഉള്ളിലൊരു മിന്നൽനടുക്കം!

**ദാമോദർ പ്രസാദ്:** പുസ്തകത്തിൽ ബംഗാൾ കവിതയുടെ നെറുകയിൽ ലൂഷൂണിന്റെ ഒരു ഉദ്ധരണിയുണ്ട്. ഉഗ്രമായ ഉദ്ധരണി. കവിത ശരിക്കും അവിടന്നാണ് തുടങ്ങുന്നത്. ഉപരിവർഗത്തിന്റെ സിരകളിൽ ആത്മശൈഥല്യത്തിന്റെ വിഷം നിറയ്ക്കുന്നു. അവർ വേഗേന അന്ധരാകുന്നു എന്നാണതിലുള്ളത്.

Revolution cannot be televised എന്നു പറയും. അങ്ങനെ നോക്കുമ്പോൾ, കൗതുകകരമായ ഒരു മാധ്യമ ദർശനമുണ്ട് കെ. ജി. എസിന്റെ 'ബംഗാൾ' കവിതയിൽ. നമുക്കറിയാവുന്ന പ്രകടമായ കാര്യങ്ങൾ ഇതാണ്: സഞ്ജയൻ ആദിമ റിപ്പോർട്ടറാണ്. ധൃതരാഷ്ട്രർ എന്ന അന്ധനായ രാജാവിന് കുരുക്ഷേത്രത്തിൽ നിന്ന് ദിവ്യദൃഷ്ടിയാൽ ലൈവ് ചെയുകയാണ്.

ഈ ദിവ്യദൃഷ്ടി ഇപ്പോഴും ചില മാധ്യമ പ്രവർത്തകർക്കുണ്ടെന്ന് തോന്നുന്നു. മാധ്യമ ഉടമകളും അധികാരത്തിൽ ഇരിക്കുന്നവരും മനസ്സിൽ എന്തഭിലഷിക്കുന്നുവോ അത് ദിവ്യദൃഷ്ടിയാൽ തിരിച്ചറിഞ്ഞു് പ്രേക്ഷകരിലേക്ക് എത്തിക്കുന്ന വലിയ കഴിവുകൾ നമ്മൾ കണ്ടിട്ടുള്ളതാണ്.

'ബംഗാളി'ൽ മാധ്യമം ഒരു trope ആണ്. മാധ്യമവും അധികാരവും തമ്മിലുള്ള 'വൈരുദ്ധ്യാത്മകമായ' പരസ്പര ധാരണയുടെ അകത്തു കടന്ന് അത് എന്താണെന്ന് അനാവരണം ചെയ്യുന്നുണ്ട് 'ബംഗാൾ'.

കവിത പ്രസിദ്ധീകരിച്ച എഴുപതുകളിൽ നമുക്കിന്ന് അനുഭവവേദ്യമാകുന്ന വിധത്തിൽ മാധ്യമസ്ഥിതമായിരുന്നിരിക്കില്ല ജീവിതം. മാധ്യമങ്ങളെ പൊതുവിൽ ആദരവോടെയായിരിക്കും കണ്ടിരിക്കുക. വലിയ മാധ്യമ പ്രവർത്തകരുണ്ടായിരുന്ന കാലവുമാണത്. അടിയന്തിരാവസ്ഥ അർദ്ധപ്രാണനാക്കിയ മാധ്യമങ്ങളോട്ട് സഹതാപവും കണ്ടേക്കാം.

അതുകൊണ്ട് കവിത പ്രസിദ്ധീകരിച്ച കാലത്തേക്കാൾ 'ബംഗാളി'ലെ മാധ്യമ ദർശനം ഇന്നിന്റേതാണ്.

റിപ്പോർട്ടർ സഞ്ജയൻ ഇതിൽ ശ്രോതാവാണ്. ഏകഭാഷണം കോർപറേറ്റ് ഫാമിലി ബിസിനസ് തലവനായ ധൃതരാഷ്ട്രരുടേതാണ്. അധികാരികളുടെ ഏറ്റവും വ്യക്തിഗതമായ ഉൽകണ്ഠകൾ പങ്കുവെയ്ക്കുന്നത് അനുചരരായ മാധ്യമ പ്രവർത്തകരോടാണ്. ഏത് കോർപറേറ്റ് മേധാവിക്കും സ്വന്തം ശിങ്കിടിയായ ഒരു മാധ്യമ പ്രവർത്തകനുണ്ടാകും. ഇവരാണ് കേൾവിക്കാർ. വാർത്ത മാധ്യമങ്ങളിൽ പ്ലാന്റ് ചെയേണ്ടവർ.

അധികാരികളോട്ട് ഒരു മാധ്യമ പ്രവർത്തകനും ഇന്ന് ചോദ്യങ്ങൾ ചോദിക്കാറില്ല. അധികാരികൾ പൊതു ഇടങ്ങളിൽ മാധ്യമ പ്രവർത്തകരാൽ അഭിമുഖീകരിക്കപ്പെടാൻ നിന്നു കൊടുക്കാറുമില്ല.

മാധ്യമങ്ങളിന്ന് പ്രേക്ഷകർ എന്നൊരു അസംഘടിത ജനസാമാന്യത്തിനു നേരേ കുറെ ചോദ്യങ്ങൾ ഉതിർത്ത് പോവുകയാണ് പതിവ്.

സത്യാനന്തര കാലത്തെ മാധ്യമ പ്രവർത്തകൻ നിശ്ശബ്ദനാണ്. അധികാരിയാണ് സംസാരിച്ചു കൊണ്ടിരിക്കുക. ധൃതരാഷ്ട്രരെപ്പോലെ തനിക്ക് കുറച്ചു മാത്രമേ കാണാൻ പറ്റുന്നുള്ളൂ എന്നു പറയുകയും എന്നാൽ വിദൂര ഗ്രാമങ്ങളിൽ നിന്നുയരുന്ന ചുഴലിയെ ദീർഘ ദർശനം ചെയാൻ പറ്റുന്നുമുണ്ട്.

വാർത്തകളൊന്നും ലഭിക്കുന്നില്ല എന്നാകുലപ്പെടുന്നത് മാധ്യമങ്ങൾ ഭരണകൂടത്താൽ സെൻസർ ചെയ്യപ്പെടുകയോ അല്ലെങ്കിൽ സ്വയം സെൻസർ ചെയ്യുന്ന ഒരവസ്ഥയോ ആണ്.

വിപ്ലവകാലം മാധ്യമങ്ങളും ഭരണകൂടവും സെൻസർഷിപ്പ് ഏർപ്പെടുത്തുന്ന കാലമാണ്.

വിപ്ലവം ടെലികാസ്റ്റ് ചെയ്യാൻ സാധ്യമല്ല!

സൂക്ഷ്മ വിപ്ലവങ്ങളുടെയും രാഷ്ട്രീയ പ്രതിരോധത്തിന്റെയും പുതിയ പാഠങ്ങളുൾക്കൊണ്ട ഈക്കാലത്ത് ധൃതരാഷ്ട്രന്മാരുടെ ആകുലതകൾ ശ്രവിക്കാനും സത്യത്തെക്കുറിച്ച് നിശ്ശബ്ദമാകാനും ശീലിപ്പിക്കപ്പെട്ടതാണ് മാധ്യമങ്ങൾ.

വാസ്തവത്തിൽ ഇവിടെ 'ബംഗാൾ' വായനക്കാരോട്ട് റിപ്പോർട്ട് ചെയ്യുന്നത് ധൃതരാഷ്ട്രരുടേയും സഞ്ജയന്റെയും അവസ്ഥയെ ഭേദിക്കുന്ന യാഥാർത്ഥ്യത്തെയാണ്.

സർഗ്ഗാത്മക രചന, ധൃതരാഷ്ട്രർക്കും സഞ്ജയനും അപ്പുറത്തേക്ക്, അവരുടെ ആകുലതകളേയും നിശ്ശബ്ദത്തെയും അവതരിപ്പിച്ചു കൊണ്ടു തന്നെ, ഇന്ത്യനവസ്ഥകളുടെ യാഥാർത്ഥ്യത്തെ, വായനക്കാർക്ക് അനുഭവവേദ്യമാക്കുന്നു.

പത്രം റേഡിയോ ടെലിവിഷൻ
ആരും നേരുപറയുന്നില്ല
അവിടെ എന്തോ നടക്കുന്നുണ്ട്—കാലം പഴയതല്ല.
...
സഞ്ജയാ, എന്താണവിടെ നടക്കുന്നത്.
എന്താണ് എന്താണ്?

## പി. മോഹനൻ: സംസാരസാഗരത്തിലെ നക്ഷത്രമത്സ്യം

**കെ. സച്ചിദാനന്ദൻ:** മോഹനന്റെ ഗദ്യം എത്ര മോഹകം. ഒരു കാലം ഒരു ചൈനീസ് സ്ക്രോളിലെന്ന പോലെ ചുരുൾ നിവർന്ന അനുഭവം. അറിയുമായിരുന്ന മുഹമ്മദാലിയെ. ഹോമിക്കപ്പെട്ട യൗവ്വനങ്ങളെ ഓർക്കുമ്പോൾ സങ്കടമാണോ രോഷമാണോ പശ്ചാത്താപമാണോ മുന്നിൽ എന്നറിയുന്നില്ല.

## ഉദയചന്ദ്രൻ, സി. പി.: രണ്ടു കവിതകൾ

**നന്ദിനി മേനോൻ:** പുഷ്പിണിയായ മകളെ പഠിപ്പിക്കണം...
സഹജീവി പരിഗണന
ഉറച്ച തീരുമാനം
ഉയർന്ന പ്രതികരണം നിരാശ്രിതത്വം
കുറുക്കുവഴികൾ ഒഴിവാക്കാൻ കെണികൾ കണ്ടെത്താൻ
ഒറ്റക്കു നടക്കാൻ
നല്ല പുരുഷ സൗഹൃദം ഉണ്ടാക്കാൻ...
ആണെന്ന കോക്കാച്ചിയെ കാട്ടി പേടിപ്പെടുത്തി
എത്ര കാലം വളർത്തും...? ആണിനും പെണ്ണിനും
രണ്ടു ലോകങ്ങൾ തീർക്കുന്നതു വരെയോ...?

## സക്കറിയ: അച്ചടിദാസൻ

**കെ. സച്ചിദാനന്ദൻ:** സക്കറിയയുടെ ആത്മകഥാപരമായ ലേഖനം ഒരുപാട് ഓർമ്മകൾ കൊണ്ടുവന്നു. അൻപതു വർഷത്തെ മലയാളം-ഇംഗ്ലീഷ് പ്രൂഫ് റീഡിങ്ങിന്റെ ഓർമ്മകൾ. തൃശ്ശൂരിലെ പി. കെ. എ. റഹീമിന്റെ ബെസ്റ്റ് പ്രിന്റേഴ്സ് മുതൽ കേന്ദ്ര സാഹിത്യ അക്കാദമി വരെയും പിന്നീടും. ഒരച്ചടിത്തെറ്റ്—കുത്തും കോമയുമുൾപ്പെടെ—കണ്ടാൽ വലിയൊരു കുറ്റകൃത്യം കണ്ടയാളുടെ മനോനിലയാണ്. അതിന് ഞാൻ തന്നെയാണ് കാരണക്കാരനെങ്കിൽ ആത്മഘാതകന്റെയും. ആത്മഹത്യക്കും കൊലയ്ക്കുമിടയിലൂടെയാണ് ഓരോ അച്ചടിത്താളും കടന്നുപോവുന്നതെന്നു ചുരുക്കം. മലയാളം അക്ഷരങ്ങൾ ശരിക്കെഴുതാവുന്ന എഴുത്തുകാരുടെ എണ്ണം കുറഞ്ഞു വരുന്നതും ഇംഗ്ലീഷ് വ്യാകരണം അറിയാത്തവർ ഇംഗ്ലീഷിൽ കവികളായി സ്വയം പ്രഖ്യാപിക്കുന്നതുമായ ഇക്കാലത്ത് ഈ നർമ്മമധുരമായ ഓർമ്മകൾ ഏറെ പ്രസക്തം.

**വേണു:** ഈ കുറിപ്പിന്റെ ഒടുവിൽ മാഷ് പറഞ്ഞത് ഇന്നത്തെ മാത്രമല്ല എന്നത്തേയും ചിന്താവിഷയമായി മാറേണ്ടതാണ്!

**നന്ദിനി മേനോൻ:** നല്ല വായന...

## ആൻസി ജോൺ: കാർബൺ കോപ്പി

**സതീഷ് ബാബു പയ്യന്നൂർ:** ആൻസി ജോണിന്റെ മനോഹരമായ ഓർമ്മക്കുറിപ്പ് വായിച്ചിട്ടാണ് ഇന്നെന്റെ ദിവസം തുടങ്ങുന്നത്... നടവയൽ ബസ് യാത്രയും കഥാപാത്രങ്ങളും സമ്മേളിക്കുന്ന ഹൃദ്യത ഈ കുറിപ്പിനുണ്ട്... ആൻസിക്കൊപ്പം നമ്മളും നട വയൽ വരെ, ആടിയുലയുന്ന ആ ബസ്സിൽ യാത്ര ചെയ്യുന്ന അനുഭവം പകർന്നു തരാൻ ആൻസിക്കു കഴിഞ്ഞു... ആ ഉമ്മയുടെ നിഷ്കളങ്കമായ ഓർമ്മക ളിലൂടെയും വാക്കുകളിലൂടെയും ഓനച്ചന്റെ മുഖവും രൂപവും മനസ്സിൽ കുട്ടുകൂട്ടുന്നുണ്ടെങ്കിലും അദ്ദേഹ ത്തിന്റെ ഒരു പഴയ ബ്ലാക്ക് ആന്റ് വൈറ്റ് ഫോ ട്ടോയെങ്കിലും നൽകിയിരുന്നെങ്കിൽ ഈ കുറിപ്പ് കുറേക്കൂടി സാർത്ഥകമായേനെ...! സായാഹ്ന സു ഹൃത്തുക്കൾക്ക് സ്നേഹാശംസകളോടെ സതീഷ് ബാബു പയ്യന്നൂർ.

**നന്ദിനി മേനോൻ:** ആൻസിയുടെ കുറിപ്പ് മനസു തൊടുന്നു...

## സായാഹ്ന ഗ്രൂപ്പുമായി ബന്ധപ്പെട്ട മറ്റു ചർച്ചകൾ

**മോഹനകൃഷ്ണൻ:** ഈ ഗ്രൂപ്പുകളെല്ലാം കൂടി ഒറ്റ ടെലഗ്രാം ഗ്രൂപ്പാക്കാൻ സാധിക്കുമോ?

**രാധാകൃഷ്ണൻ:** അതു നടക്കുമെന്നു തോന്നുന്നില്ല. അംഗങ്ങളെല്ലാപേരും ടെലഗ്രാമിന്റെ ഉപയോക്താക്കളാവണം. അതു നടക്കാത്ത കാര്യമാണ്.

**ഹരികൃഷ്ണൻ:** കൂടുതൽ പേർ ടെലിഗ്രാം ഉപയോഗിച്ചു തുടങ്ങിയിരിക്കുന്നു. നടക്കാവുന്ന കാര്യമാണ്.

**രാധാകൃഷ്ണൻ:** ഇപ്പോൾ തന്നെ സായാഹ്നയ്ക്ക് റ്റെലഗ്രാം ഗ്രൂപ്പുണ്ട്. താങ്കൾക്കു വേണമെങ്കിൽ അവിടെ ചേരാം. ചർച്ചയൊന്നുമില്ലാത്ത ശുഷ്കമായ ഒന്നാണ് ആ ഗ്രൂപ്പ്.

255-ന്റെ പരിമിതിക്കു ചില ആനുകൂല്യങ്ങളുണ്ട്. അനാവശ്യമായ എമോജികൾ കണ്ടു സഹിക്കേണ്ട. ഒന്നിച്ചായാൽ ഇന്നത്തേതിന്റെ ഏഴു മടങ്ങാവും! ചെറിയ ഗ്രൂപ്പാവുമ്പോൾ ചർച്ച കുറെക്കൂടി ഫോക്കസ്ഡ് ആയി നടക്കും. അനാവശ്യ ചർച്ചകൾ (വ്യക്തിനിഷ്ഠമായവ) മറ്റു ഗ്രൂപ്പുകളിലേയ്ക്ക് പകർത്തേണ്ട, ആവശ്യമുള്ളവ മാത്രം മതി. അങ്ങനെ പലതും.

**ദാമോദർ പ്രസാദ്:** അവസാന പാരഗ്രാഫിൽ പ്രത്യേകമായെടുത്തു പറഞ്ഞിട്ടുള്ള ഇമോജി പ്രളയത്തിന്റെ ഭീഷണിയെക്കുറിച്ചുള്ള നിരീക്ഷണത്തിന് ഒരു കൈയടി. (ഇമോജി ഒഴിവാക്കി കൊണ്ട്).

**സ്മിത:** എല്ലാ ദിവസവും രാവിലെ തന്നെ സായാഹ്ന നൽകുന്ന ഈ വായനാ ഊർജ്ജം വളരെ വലുതാണ്. നന്ദി.

**സി. വി. രാധാകൃഷ്ണൻ:** അറിയപ്പെടുന്ന ശാസ്ത്രസാഹിത്യകാരനായ പി കേശവൻ നായർ ഇപ്പോൾ അച്ചടിപ്പതിപ്പു മാത്രമുള്ള അദ്ദേഹത്തിന്റെ 15 പുസ്തകങ്ങൾ സായാഹ്നയിലൂടെ വിവിധ ഡിജിറ്റൽ രൂപങ്ങളിൽ സ്വതന്ത്രപ്രസാധനത്തിന് സന്നദ്ധത പ്രകടിപ്പിച്ചിരിക്കുന്നു. ഇതു് സാദ്ധ്യമാക്കിയതു് കണ്ണൻ ഷൺമുഖത്തിന്റെ പ്രവർത്തനമാണ്. ഉചിതമായ ഈ പ്രവൃത്തിയിലൂടെ ശ്രീ കേശവൻ നായർ ചെയ്യുന്ന സേവനം മറ്റു എഴുത്തുകാർക്കും പ്രചോദനമാവട്ടെ എന്നു ആശിക്കുന്നതിനോടൊപ്പം രണ്ടുപേർക്കും സായാഹ്നയുടെ കൃതജ്ഞത രേഖപ്പെടുത്തുകയും ചെയ്യുന്നു.

## കെ. ദാമോദരന്റെ പുസ്തകങ്ങളുടെ പൊതുസഞ്ചയത്തിലേയ്ക്കുള്ള സമർപ്പണത്തെക്കുറിച്ച്:

**ഋഷി:** പ്രിയരേ,

മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനും രാജ്യസഭാംഗവും കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവുമായിരുന്ന കെ ദാമോദരന്റെ പുസ്തകങ്ങളുടെ പൊതുസഞ്ചയത്തിലേയ്ക്കുള്ള സമർപ്പണം ഔപചാരികമായി സ: കാനം രാജേന്ദ്രൻ (സിപിഐ സംസ്ഥാന സെക്രട്ടറി) നാളെ (ജൂലൈ 3, 2020) വൈകുന്നേരം 6 മണിയ്ക്ക് നിർവഹിക്കുന്നതായിരിയ്ക്കും. ഓൺലൈനായി നടക്കുന്ന ഈ ചടങ്ങിൽ താഴെ പറയുന്നവർ പങ്കെടുക്കുന്നതാണ്.

1. രാജാജി മാത്യു തോമസ്
2. സി ദിവാകരൻ
3. ഹനീഫാ റാവുത്തർ
4. കെ സച്ചിദാനന്ദൻ
5. കെ ജി എസ്
6. പോൾ സക്കറിയ
7. ഇ പി ഉണ്ണി
8. വെങ്കിടേഷ് രാമകൃഷ്ണൻ
9. സി എസ് വെങ്കിടേശ്വരൻ
10. ഹുസൈൻ കെ എച്ച്
11. സി വി രാധാകൃഷ്ണൻ

ഈ ഓൺലൈൻ സംരംഭത്തിനു ഗൂഗിൾ മീറ്റ് എന്ന സോഫ്റ്റ്‌വെയറാണു ഉപയോഗിക്കുന്നത്. പ്രസ്തുത സോഫ്റ്റ്‌വെയറിന്റെ പരിമിതിമൂലം നിർഭാഗ്യവശാൽ 250 പേർക്കു മാത്രമേ ചടങ്ങിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ.

ചടങ്ങിൽ പങ്കെടുക്കാൻ താല്പര്യമുണ്ടെങ്കിൽ നാളെ പത്ത് മണിക്കു മുൻപായി നിങ്ങളുടെ സമ്മതം ഈ സന്ദേശത്തിനു മറുപടിയായി അയയ്ക്കുക. ആദ്യം മറുപടി അയയ്ക്കുന്ന 230 പേർക്കു മീറ്റിങ്ങിൽ പങ്കെടുക്കാൻ അവസരമുണ്ടായിരിയ്ക്കുന്നതാണ്. നിങ്ങളുടെ മൊബൈൽ ഫോൺ ഉപയോഗിച്ചോ അല്ലെങ്കിൽ കംപ്യൂട്ടർ വഴിയോ ആണ് മീറ്റിങ്ങിൽ പങ്കെടുക്കേണ്ടത്. മൊബൈൽ ഫോൺ ആണെങ്കിൽ അതിൽ “Google Meet” ആപ്ലിക്കേഷൻ ഇൻസ്റ്റാൾ ചെയ്തിട്ടുണ്ടെന്ന് ഉറപ്പാക്കുക.

**ദാമോദർ പ്രസാദ്:** ആശംസകൾ.

കെ. ദാമോദരന്റെ എഴുത്തുകൾ കോമൺസായി ഡിജിറ്റൽ രൂപത്തിൽ ലഭ്യമാകുന്നു എന്നതു് വലിയ കാര്യമാണ്.

കെ. ദാമോദരന്റെ ചിന്തകളും പൂർത്തീകരിക്കാതെ പോയ അന്വേഷണങ്ങളും (ഉദാ: കേരള ചരിത്രം) കക്ഷി രാഷ്ട്രീയത്തിനപ്പുറം ചിന്താ കോമൺസിന്റെ ഭാഗമാണ്.

**കെ. സച്ചിദാനന്ദൻ:** ഇന്നലെ നടന്ന കെ. ദാമോദരന്റെ സമാഹൃതകൃതികളുടെ പ്രകാശനത്തിൽ പങ്കെടുക്കാൻ കഴിയാതിരുന്നതിൽ ഖേദമുണ്ട്. ഞാനും ബിന്ദുവും കൊടുങ്ങല്ലൂരിലെ എന്റെ ജന്മഗൃഹത്തിൽ ക്വാറന്റീനിലാണ്. ക്വാറന്റീൻ സമയം കഴിയും മുമ്പ് സ്വാബ് ടെസ്റ്റ് നിർബ്ബന്ധമെന്ന് ആരും പറഞ്ഞിരുന്നില്ല. ഇന്നലെ താലൂക്കാശുപത്രിയിൽ നിന്നു വിളിച്ച് നാലു മണി എന്ന സമയം തന്നു. അപ്പോഴും ഗൂഗ്ൾ മീറ്റിൽ പങ്കെടുക്കാം എന്ന പ്രതീക്ഷയുണ്ടായിരുന്നു. പക്ഷെ പിന്നീട്ട് വിളിച്ച് അഞ്ചര കഴിഞ്ഞേ ആംബുലൻസിനു വരാനാവൂ എന്നു പറഞ്ഞു. ഇവിടെ വന്ന് സ്വാബ് എടുക്കുമെന്നു വിചാരിച്ചിരിക്കയായിരുന്നു. പക്ഷേ അവിടെ ചെല്ലണമെന്ന് പെട്ടെന്നാണറിഞ്ഞത്. പിന്നെ മാസ്ക്, ഫെയ്സ് ഷീൽഡ്, കയ്യുറ – ഒരുക്കങ്ങൾ. തിരിച്ചെത്തിയപ്പോൾ ഏഴ് പതിനഞ്ച്. ദാമോദരന്റെ എല്ലാ കൃതികളും വായിച്ചിട്ടില്ല എന്ന ഒരു ധാർമ്മിക പ്രശ്നം മുന്നേ ഉണ്ടായിരുന്നു. മുഴുവൻ വായിക്കാതെ ഒരു പുസ്തകവും പ്രകാശിപ്പിച്ചിട്ടില്ല. എങ്കിലും വായിച്ചതു വെച്ച് ചിലത് പറയാമെന്നു കരുതിയിരുന്നു.

1. ദാമോദരന്റെ എട്ടു ഭാഷകളിലുള്ള പാണ്ഡിത്യവും കുറച്ചു കാലത്തെ ഉത്തരേന്ത്യൻ ജീവിതവും സംസ്കൃതത്തിലും തമിഴിലും കൂടി കിട്ടിയ ദർശന പാരമ്പര്യ പരിചയവും എങ്ങിനെ അദ്ദേഹത്തെ പല മലയാളിക്കമ്മ്യൂണിസ്റ്റുകളുടെയും കൂപമണ്ഡൂകപരിപ്രേക്ഷ്യത്തിൽ നിന്നു മോചിപ്പിച്ചു,
2. ഇന്ത്യൻ കമ്മ്യൂണിസം എന്ന സങ്കല്പത്തിന് അദ്ദേഹത്തിന്റെ സംഭാവനകൾ,
3. ആത്മാർത്ഥമായ ആത്മവിമർശം, അതുണ്ടാക്കിയ നിരാശത ഉൾപ്പെടെ,
4. മാർക്സിസത്തിന്റെ നവ പരിണതികൾ വെച്ചു നോക്കുമ്പോൾ അദ്ദേഹം അഭിമുഖീകരിച്ച ചിന്താ പരിമിതികൾ,
5. ജാതി-ലിംഗാദി പ്രശ്നങ്ങളിൽ മറ്റു കമ്മ്യൂണിസ്റ്റുകാർക്കൊപ്പം പങ്കിട്ട യാഥാസ്ഥിതികമായ ആന്ധ്യം,
6. അവശേഷിക്കുന്നതും മുന്നോട്ടു പോകാൻ സഹായിക്കുന്നതുമായ ഘടകങ്ങൾ. കൃതികൾ വായിച്ച ശേഷം ഇവയെക്കുറിച്ച് എഴുതാമെന്നു കരുതുന്നു, ഇൻശാള്ളാ.

## Sayahna Foundation: Who’s who

**T.M. Manoharan:** Very well drafted and presented.

**ഉണ്ണി:** നന്ദി. രാപകൽ പണിയുണ്ട് ഒരു നല്ല സായാഹ്നത്തിനു പിന്നിൽ.

**ദാമോദർ പ്രസാദ്:** സായാഹ്നയുടെ അണിയറ പ്രവർത്തകരെയും പ്രവർത്തനരീതികളെയും പരിചയപ്പെടുത്തിയതിന് താങ്ക് യു!

ഇ വായനയുടെയും സ്വതന്ത്ര പ്രസാധനത്തിന്റെയും കാലത്ത് സായാഹ്നയുടെ സംരംഭം മാതൃകാപരം തന്നെ.

ഒരു നൂറ് സായാഹ്നങ്ങൾ ഇതു പോലെ ഉയർന്നു വരട്ടെ.

സ്വതന്ത്ര വിജ്ഞാനത്തിനെ കുറിച്ചുള്ള വലിയ കാഴ്ചപ്പാടും, കൂട്ടായ്മയും, സമാഹൃത അദ്ധ്വാനവുമാണ് സായാഹ്നയെ വ്യത്യസ്തവും ഊർജ്ജസ്വലവുമാക്കുന്നതെന്ന് അശോക് കുമാറിന്റെ കുറിപ്പിൽ നിന്ന് മനസ്സിലാവുന്നു.

വിവിധ സ്ഥലങ്ങളിൽ നിന്നാണ് സായാഹ്നയുടെ പ്രവർത്തനം നടക്കുന്നതെന്ന വിവരവും പുതിയ കാലത്തെ collaborative work-നെ കുറിച്ചുള്ള ഒരു കാഴ്ച തരുന്നു.

സായാഹ്നയുടെ ഒരു വാട്ട്സ് ആപ്പ് ഗ്രൂപ്പിൽ മെമ്പറാകുന്നതിന് മുമ്പു തന്നെ സായാഹ്ന പ്രസിദ്ധീകരിച്ച പി ഡി എഫ് കിട്ടിയിരുന്നു.

ഷയർ ചെയ്തു കിട്ടിയ പി ഡി എഫ് പിന്നെയും ഞാൻ മറ്റു സുഹൃത്തുകൾക്ക് ഷയർ ചെയ്തു.

ഇ വായനയുടെ ഷയർ ക്യാപിറ്റലാണ് സംഭരിക്കപ്പെടുന്നത്.

ഇത് പഴയ മൂലധന സംഭരണമല്ല. വിജ്ഞാന വിതരണത്തിന്റെ പുതു സംസ്കാരത്തിന്റെ ഭാഗമായുള്ള resourcefulness ആണ്. ഒരു സവിശേഷമായ ഗിഫ്റ്റ് ഇക്കോണമി ഈയൊരു വിതരണ സംസ്കാരത്തിന്റെ ഭാഗമാണ്. ഒന്നു ഷയർ ചെയ്താൽ മറ്റൊന്ന് ഷയർ ചെയ്തു കിട്ടും.

ലോകം മുഴുവൻ വ്യാപിച്ചു കിടക്കുന്ന മലയാളി ഡയസ്പോറയാണ് സായാഹ്നയുടെ വായനാ സമൂഹം. പുതിയ വായനയും അഭിപ്രായം പങ്കുവെയ്ക്കലുമൊക്കെ ഭാവുകത്വം രൂപപ്പെടുന്നതിലും അതിന്റെ പ്രസരണത്തിലും സായാഹ്നയ്ക്ക് നല്ല പങ്ക് വഹിക്കാനായേക്കും.

സായാഹ്ന പോലെ വളരെ വ്യക്തമായ പ്രസാധന സ്വഭാവമുള്ള ഇ വായനയുടെ രംഗത്ത് മറ്റു സംരംഭങ്ങളുണ്ടോ എന്നറിയില്ല.

സായാഹ്ന പുതിയ വഴികൾ ഇ വായനയിൽ തുറക്കുന്നതിനോടൊപ്പം, ഇത് മാതൃകയാക്കി പുതിയവ കിളിർത്തു വരാനിരിക്കുന്നു.

ഒരു കാര്യം ചോദിച്ചോട്ടെ…

സായാഹ്ന – എന്താണ് ആ പേരിന് കാരണം.

**സി. വി. രാധാകൃഷ്ണൻ:** ആദ്യകാല പ്രവർത്തകരിൽ ഭൂരിഭാഗംപേരും ജീവിതസായാഹ്നത്തിലെത്തിയവരായിരുന്നു. പിന്നെ ഇന്ന് സായാഹ്നത്തിലെത്തിനില്ക്കുന്ന ഒട്ടനവധി എഴുത്തുകാരുടെ കൃതികൾ ഒരു രാവു താണ്ടി പുതിയ തലമുറയുടെ പ്രഭാതത്തിലെത്തിക്കേണ്ട ചുമതല ഈ തലമുറയ്ക്കുണ്ട്. അത് ശരിയായരീതിയിൽ ശരിയായ ദിശയിൽ നയിക്കുവാൻ സായാഹ്നത്തിലെത്തി നില്ക്കുന്ന കുറെ വൃദ്ധന്മാർ കൂട്ടം ചേരുന്നു – സായാഹ്ന, അങ്ങനെയാണ് ഈ പേർ സ്വീകരിക്കുന്നത്.

**സി. വി. രാജേന്ദ്രൻ:** പല സായാഹ്നങ്ങൾ നഷ്ടപ്പെടുത്തിയപ്പോൾ ഉരുത്തിരിഞ്ഞതിനു സായാഹ്ന എന്ന പേരല്ലേ ചേരുക. Intuitive എന്ന് സാധാരണ പറയാറുള്ള ഒരു വേറിട്ട അനുഭവം.

(ജൂൺ 28 മുതൽ ജൂലൈ 4 വരെ ലഭിച്ച പ്രതികരണങ്ങളാണ് ഈ ലക്കത്തിലുള്ളത്).

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014